പുനലൂർ താലൂക്ക് ആശുപത്രിയിൽ പുതിയ പദ്ധതികൾ

32 (4903) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ താലൂക്ക് ആശുപത്രിയിൽ എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) പുനലൂർ മണ്ഡലത്തിലെ അഞ്ചൽ പി.എച്ച്.സി.യിൽ 8 ഡോക്ടർമാർ വേണ്ടുന്ന സ്ഥാനത്ത് നിലവിൽ 2 പേരെയുള്ളുവെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഡോക്ടർമാരുടെ കുറവ് പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പുനലൂർ താലൂക്കാശുപത്രിയിൽ 1-7-2010 മുതൽ സ്പെഷ്യാലിറ്റി ഒ.പി. സംവിധാനം നിലവിൽ വന്നു കഴിഞ്ഞു. ഒ.പി. ഡിപ്പാർട്ടുമെന്റിൽ ഇലക്ട്രോണിക് ക്യൂ സംവിധാനം നടപ്പിലാക്കി. പുതിയ ഒ.പി. കൗണ്ടറിന്റെ നിർമ്മാണം, കമ്പ്യൂട്ടർവൽക്കരണം, രോഗികൾക്കുള്ള വെയിറ്റിംഗ് ഷെഡിന്റെ നിർമ്മാണം എന്നിവ നടന്നുവരുന്നു. കൂടാതെ, ആരോഗ്യകേരളം പദ്ധതിയിൽപ്പെടുത്തി അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

(ബി) അഞ്ചൽ പി.എച്ച്.സി. യിൽ സിവിൽ സർജന്റെ ഒന്നും അസിസ്റ്റന്റ് സർജന്റെ മൂന്നും തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. അവിടെ 3 അസിസ്റ്റന്റ് സർജർമാരുടെയും സേവനം ലഭ്യമാണ്. ഒഴിവുള്ള സിവിൽ സർജന്റെ തസ്തികയിൽ നിയമനത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മല്ലപ്പള്ളി താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെ തസ്തികകൾ

33 (4904) ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മല്ലപ്പള്ളി താലൂക്ക് ആശുപത്രിയിലും, കല്ലൂപ്പാറ, കുന്നന്താനം, ആനിക്കാട്, കോട്ടാങ്ങൽ, കൊറ്റനാട്, എഴുമറ്റൂർ, പുറമറ്റം, ഓതറ, തെള്ളിയൂർ ഹെൽത്ത് സെന്ററുകളിലും അനുവദിക്കപ്പെട്ടിട്ടുള്ള ഡോക്ടർമാരുടെ തസ്തിക എത്ര ; ഇതിൽ ആളുണ്ടോ ; എങ്കിൽ എവിടെ, എത്ര, ഓരോന്നും വ്യക്തമാക്കുമോ ;

(ബി) അടിയന്തരമായി കുറവു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഈ സ്ഥലങ്ങളിൽ നഴ്സുമാരുടെ കുറവുണ്ടോ ; എങ്കിൽ പരിഹരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly